**<u>15 -ാം കേരള നിയമസഭ</u>**

**<u>8 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5592</u>** **<u>15-03-2023 - ൽ മറുപടിയ്ക്ക്</u>**

**<u>സ്വകാര്യ ടൂർ ഓപ്പറേറ്റർമാർ മുഖേനയുള്ള ഹജ്ജ് തീർത്ഥാടനം</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ടി. എ. റഹീം** | | **ശ്രീ. വി. അബ്ദുറഹിമാൻ (ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | സ്വകാര്യ ടൂർ ഓപ്പറേറ്റർമാർ മുഖേന ഹജ്ജിന് പോകുന്ന തീർത്ഥാടകർ സൗദി അറേബ്യയിൽ പ്രയാസമനുഭവിക്കുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ; | (എ) | **ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ഇത് സംബന്ധിച്ച് നടപടികൾ കൈക്കൊള്ളേണ്ടത് കേന്ദ്രസർക്കാർ ആയതിനാൽ, സംസ്ഥാന സർക്കാരിന് ലഭിച്ച പരാതികൾ കേന്ദ്ര ന്യൂനപക്ഷകാര്യ മന്ത്രാലയത്തിനും, കേന്ദ്രഹജ്ജ് കമ്മിറ്റി CEO-യ്ക്കും ആവശ്യമായ നടപടികൾക്കായി കൈമാറിയിരുന്നു. കൂടാതെ, ബഹു.കേന്ദ്ര ന്യൂനപക്ഷകാര്യ മന്ത്രിയുമായുള്ള കൂടിക്കാഴ്ചയിൽ ഈ വിഷയം നേരിട്ട് അവതരിപ്പിക്കുകയും ചെയ്തിരുന്നു.** |
| (ബി) | ഹജ്ജ് കമ്മിറ്റി മുഖേന പോകുന്ന തീർത്ഥാടകരുടെ സേവനത്തിന് വളണ്ടിയർമാരെ നിയമിക്കുന്നതിന് സമാനമായി സ്വകാര്യ ടൂർ ഓപ്പറേറ്റർമാർ മുഖേന പോവുന്ന തീർത്ഥാടകരുടെ സേവനത്തിനായി സംസ്ഥാന ഹജ്ജ് കമ്മിറ്റിയുടെ മേൽനോട്ടത്തിൽ വളണ്ടിയർമാരെ നിയോഗിക്കുന്ന വിഷയം പരിശോധിക്കുമോ; വിശദമാക്കുമോ? | (ബി) | കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയവും, കേന്ദ്ര ഹജ്ജ്കമ്മിറ്റിയും പുറപ്പെടുവിക്കുന്ന ഹജ്ജ് പോളിസിയും, മാർഗ്ഗരേഖയും അനുസരിച്ചാണ് സംസ്ഥാന ഹജ് കമ്മിറ്റി ഹജ്ജ് തീർത്ഥാടനവുമായി ബന്ധപ്പെട്ട നടപടികൾ സ്വീകരിക്കുന്നത് . സ്വകാര്യ ഹജ്ജ് ഓപ്പറേറ്റർമാർ മുഖേന ഹജ്ജിനു പോകുന്ന തീർത്ഥാടകർക്കു സംസ്ഥാന ഹജ്ജ് കമ്മിറ്റി മുഖേന വോളന്റീയർമാരെ നിയോഗിക്കുന്നതിനു നിലവിലെ ഹജ്ജ് പോളിസി പ്രകാരം സാധ്യമല്ല. ഈ വർഷം 300 തീർത്ഥാടകർക്കു ഒന്ന് എന്ന തോതിൽ ഖാദിമുൽ ഹുജ്ജജ്ജുമാരെ നിയോഗിക്കാനാണ് കേന്ദ്ര ന്യൂപക്ഷ മന്ത്രാലയം പുറപ്പെടുവിച്ച മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ